# കേരള സർക്കാർ

# സൈനികക്ഷേമ ഡയറക്ടറേറ്റ്

## വികാസ് ഭവൻ, തിരുവനന്തപുരം

# പൗരാവകാശരേഖ – 2023

*–

## സൈനികക്ഷേമ ഡയറക്ടറേറ്റ്

**വികാസ് ഭവൻ, തിരുവനന്തപുരം–33**


ടെലി: 0471–2304980, 2303654, 2302655
E mail: dswkerala@gmail.com
Website: www.sainikwelfarekerala.org

**ഉള്ളടക്കം**

1. ആമുഖം

2. വിമുക്തഭടന്മാർക്കും, അവരുടെ ആശ്രിതർക്കും, സേവനത്തിലിരിക്കുന്ന സൈനികർക്കും, അവരുടെ ആശ്രിതർക്കും നൽകിവരുന്ന സേവനങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ :–

3. മറ്റു സേവനങ്ങൾ

4. ഈ ഡയറക്ടറേറ്റ്–ലെ വിവിധ സെക്ഷനുകളും ഇതിലൂടെ കൈകാര്യം ചെയ്യുന്ന വിവിധ വിഷയങ്ങളെയും സംബന്ധിച്ച്

# ആമുഖം

## (സൈനികക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം)

വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും സർവതോന്മുഖമായ ക്ഷേമത്തിനും പുനരധിവാസത്തിനും, സൈനികരുടെയും, അവരുടെ ആശ്രിതരുടെയും ഉന്നമനത്തിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി കേരള സർക്കാറിന്റെ പൊതുഭരണ വകുപ്പിൻ കീഴിൽ സൈനികക്ഷേമ വകുപ്പ് പ്രവർത്തിക്കുന്നു. ഈ വകുപ്പിനെ നിയന്ത്രിക്കുന്ന സൈനികക്ഷേമ ഡയറക്ടറേറ്റ് തിരുവനന്തപുരം വികാസ് ഭവനിൽ സ്ഥിതി ചെയ്യുന്നു. സൈനികക്ഷേമ ഡയറക്ടർ ആണ് ഈ വകുപ്പിന്റെ തലവൻ. പ്രസ്തുത വകുപ്പിന്റെ കീഴിൽ ജില്ലകൾ തോറും സൈനികക്ഷേമ ഓഫീസുകളുണ്ട്. ജില്ലാ സൈനികക്ഷേമ ഓഫീസർമാരുടെ മേൽനോട്ട-ത്തിലാണ് ഓരോ ജില്ലകളിലും ക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നത്.

വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങൾ രാഷ്ട്രതലത്തിൽ നിയന്ത്രിക്കുന്നത് കേന്ദ്ര വിമുക്തഭടന്മാരുടെ ക്ഷേമ വകുപ്പും കേന്ദ്രിയ സൈനികബോർഡും, പ്രതിരോധ മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടർ ജനറൽ റീസെറ്റിൽമെന്റുമാണ്. കര വ്യോമ നാവികസേനകളുടെ കേന്ദ്ര ഓഫീസു-കളുമായും എല്ലാ റെക്കോർഡ് ഓഫീസുകളുമായും കേന്ദ്ര സംസ്ഥാന സർവീസുകളിലെ വിവിധ വകുപ്പുകളുമായും വിമുക്തഭടന്മാരുടെ പുനരധിവാസത്തിനും ക്ഷേമപ്രവർത്തനത്തിനും സൈനി-കരുടെയും കുടുംബാംഗങ്ങളുടെയുംക്ഷേമ പ്രവർത്തനങ്ങൾക്കുമായും ദേശീയ/ സംസ്ഥാനതല-ങ്ങളിൽ ഈ വകുപ്പ് അടുത്ത സമ്പർക്കം പുലർത്തി വരുന്നു.

വിമുക്തഭടന്മാരുടെ പുനരധിവാസത്തിനും, മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കും സാമ്പത്തി-കസഹായം നൽകുന്ന സംസ്ഥാന സംയുക്ത നിധി (അമാൽഗമേറ്റഡ് ഫണ്ട്) യുടെയും, രാജ്യസൈനിക ബോർഡിന്റെയും, പതാക ദിനഫണ്ടിന്റെയും, സെക്രട്ടറി എന്നീ ഔദ്യോഗിക ചുമതലകൾ കൂടി സൈനികക്ഷേമ ഡയറക്ടർക്ക് ഉണ്ട്. പതാക നിധിയിൽ നിന്നും സ്വരൂപി-ക്കുന്ന പണം വിമുക്ത ഭടന്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. ബഹു: സം-സ്ഥാന ഗവർണർ സംയുക്ത നിധിയുടെ ചെയർമാനും, മുഖ്യമന്ത്രി, രാജ്യസൈനിക ബോർഡി-ന്റെയും പതാക ദിനഫണ്ട് കമ്മിറ്റിയുടെയും പ്രസിഡന്റുമാണ്.

### ലക്ഷ്യങ്ങളും ചുമതലകളും

1. വിമുക്തഭടന്മാരുടെ പുനരധിവാസത്തിനും, ക്ഷേമപ്രവർത്തനത്തിനും വിമുക്തഭടന്മാ-രുടെയും, കുടുംബാംഗങ്ങളുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി പരിപാടികൾ നടപ്പിലാക്കുക.
2. സംയുക്ത നിധിയുടെയും (അമാൽഗമേറ്റഡ് ഫണ്ട്) സൈനികക്ഷേമ നിധിയുടെയും ഭരണകാര്യങ്ങളും ശരിയായ വിനിയോഗവും ഉറപ്പുവരുത്തുക.
3. വിമുക്തഭടന്മാരെയും, സൈന്യത്തെയും സംബന്ധിച്ചുള്ള കാര്യങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുക.
4. സൈനിക സേവനത്തിന് യുവജനങ്ങളെ പ്രേരിപ്പിക്കുക.

**<u>സൈനികക്ഷേമ വകുപ്പ് ചെയ്തു വരുന്ന ക്ഷേമപ്രവർത്തനങ്ങളെ</u>**

**തൊഴിൽ സഹായം**

**സാമ്പത്തിക സഹായം**

**ക്ഷേമ പ്രവർത്തനങ്ങൾ എന്നിങ്ങനെ തരം തിരിക്കാം**

## I. തൊഴിൽ സഹായം

1. യുദ്ധത്തിലോ യുദ്ധസമാന സാഹചര്യങ്ങളിലോ മരണപ്പെടുന്ന/അംഗവൈകല്യം സംഭവിക്കുന്ന സൈനികരുടെ/അർദ്ധ സൈനികരുടെ ഒരു ആശ്രിതന് സംസ്ഥാന സർക്കാർ സർവീസിൽ നിബന്ധനകൾക്ക് വിധേയമായി തൊഴിൽ നൽകി വരുന്നു. **(സൈനികക്ഷേമ വകുപ്പ് ആണ് നിയമനം നടത്തുന്നത്).**
2. ജില്ലാ സൈനികക്ഷേമ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുന്ന വിമുക്തഭടന്മാരെ തൊഴിലിനുവേണ്ടി നാമനിർദേശം ചെയ്യുന്നു.
3. സർക്കാർ വകുപ്പുകളിൽ താഴെ പറയുന്ന തസ്തികകൾ വിമുക്തഭടന്മാർക്കായി നീക്കി വെച്ചിട്ടുണ്ട്.

    സൈനികക്ഷേമ വകുപ്പിലെ എല്ലാ തസ്തികകളും
    എൻ.സി.സി യിലെ സിവിലിയൻ തസ്തികകൾ
    പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ 10%

## II. <u>സാമ്പത്തിക സഹായം</u>

### 1. സ്റ്റേറ്റ് മിലിറ്ററി ബനവലന്റ് ഫണ്ട്/ജില്ലാ മിലിറ്ററി ബനവലന്റ് ഫണ്ടിൽ നിന്നുള്ള ധനസഹായം

നിർധനരായ വിമുക്തഭടന്മാരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 8,000/- രൂപ മുതൽ 10,000/- രൂപ വരെ സ്റ്റേറ്റ് മിലിറ്ററി ബനവലന്റ് ഫണ്ടിൽനിന്നും 6,000/- മുതൽ 7,000/- രൂപ വരെ ജില്ലാ മിലിറ്ററി ബനവലന്റ് ഫണ്ടിൽനിന്നും അർഹതക്ക് വിധേയമായി ധനസഹായം നൽകി വരുന്നു.

### 2. വിവാഹ ഗ്രാന്റ്

വിമുക്ത ഭടന്റെ രണ്ട് പെൺമക്കൾക്ക് വിവാഹത്തിന് 25,000/- രൂപ വീതം ഗ്രാന്റായി നൽകുന്നു. വാർഷിക വരുമാന പരിധി 500,000/- രൂപയിൽ താഴെയായിരിക്കണം.

### 3. അടിയന്തിര സാമ്പത്തിക സഹായം

വിമുക്തഭടന്മാർക്കോ, അവരുടെ ആശ്രിതർക്കോ പെട്ടെന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പ്രത്യേക കേസായി പരിഗണിച്ച് അടിയന്തിര സാമ്പത്തികസഹായം നൽകുന്നു. എസ്.എം.ബി.എഫിൽ നിന്നുള്ള ടി സഹായം മുഖ്യമന്ത്രിയും, സൈനികക്ഷേമ വകുപ്പുമേധാവിയും യഥാക്രമം 50,000/- രൂപ 20,000/- രൂപ ക്രമത്തിൽ അനുവദിക്കുന്നു.

ജില്ലാ തലത്തിൽ 10,000/- രൂപ 5,000/- രൂപ ക്രമത്തിൽ ജില്ലാ കളക്ടർമാരും ജില്ലാ സൈനികക്ഷേമ ഓഫീസർമാരും നൽകിവരുന്നു.

### 4. മരണാനന്തര ചടങ്ങുകൾക്കുള്ള എക്സ് ഗ്രേഷ്യാ ഗ്രാന്റ്

വിമുക്തഭടൻ മരണമടഞ്ഞാൽ അടിയന്തിര ചെലവുകൾക്കായി തൊട്ടടുത്ത ആശ്രിതർക്ക് (വിധവ/അവിവാഹിതയായ മകൾ/ മൈനറായ പുത്രൻ) 10,000/- രൂപ സാമ്പത്തിക സഹായം നൽകുന്നു.

### 5. അന്ധരായ വിമുക്തഭടന്മാർക്ക് പ്രതിമാസ ധനസഹായം

100 ശതമാനം അന്ധരായ വിമുക്തഭടന്മാർക്കും / വിമുക്തഭടന്മാരുടെ അന്ധ-യായ ഭാര്യ/വിധവ / ആശ്രിതരായ കുട്ടികൾ എന്നിവർക്ക് Pensioner - 2,000/- രൂപയും Non - Pensioner 4,000/- രൂപയും വീതം പ്രതിമാസ ബത്ത നൽകി വരുന്നു.

6. **മാസസിക വൈകല്യമുള്ള കുട്ടികൾക്ക് ധനസഹായം**

വിമുക്തഭടന്മാരുടെ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് (I.Q 40 ന് താഴെ) പ്രതിമാസം 3,000/- രൂപ ധനസഹായം (വാർഷികവരുമാന പരിധി 500,000/- രൂപയിൽ താഴെ ആയിരിക്കണം) നൽകി വരുന്നു.

7. **ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് പ്രതിമാസ ധനസഹായം**

വിമുക്തഭടന്മാരുടെ 40 ശതമാനത്തിൽ കുറയാതെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് പ്രതിമാസം 3,000/- രൂപ ധനസഹായം നൽകിവരുന്നു. (വാർഷിക വരുമാന പരിധി 500,000/- രൂപയിൽ താഴെ ആയിരിക്കണം)

8. **പോക്കറ്റ് മണി**

ക്ഷയ രോഗ/കുഷ്ഠ രോഗ ആശുപത്രികളിലെ അന്തേവാസികളായ വിമുക്ത-ഭടന്മാരും/ വിമുക്തഭടന്മാരുടെ വിധവകൾക്കും പ്രതിമാസം 1,000/- രൂപ ധനസഹായം നൽകുന്നു. ഇവർക്ക് കൊതുകുവലയും സൗജന്യമായി നൽകുന്നു. ഓണാഘോഷത്തിന് ഇവർക്ക് 2,000/- രൂപ പ്രത്യേക സാമ്പത്തിക സഹായം നൽകുന്നു.

9. **മെഡിക്കൽ ആഫ്റ്റർ കെയർ ഗ്രാന്റ്**

ക്ഷയം, കുഷ്ഠം എന്നി രോഗങ്ങൾ ബാധിച്ച വിമുക്തഭടന്മാർക്ക് ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി നൽകുന്ന വൈദ്യ ശുശ്രൂഷ ഗ്രാന്റ് ലഭ്യമല്ലാതാകുമ്പോൾ, എസ്.എം.ബി.എഫിൽ നിന്നും മൂന്ന് വർഷത്തെ തുടർ ശുശ്രൂഷയ്ക്കായി പ്രതിമാസം 1,500/- രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നു.

10. **പാരപ്ലെഡ്ജിക് സെന്ററിലെ അന്തേവാസികൾക്ക് ധനസഹായം**

പൂനയിലെ പാരപ്ലെഡ്ജിക് റീഹാബിലിറ്റെഷൻസ് സെന്ററിലെ അന്തേവാസികളായ വിമുക്തഭടന്മാർക്ക് പ്രതിമാസം 1,000/- രൂപ സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ അവരുടെ അടുത്ത ഒരു ബന്ധുവിന് സന്ദർശനത്തിനായി സ്ലീപ്പർ ക്ലാസ്സ് ചാർജ്ജ് വർഷത്തിലൊരിക്കൽ നൽകി വരുന്നു.

11. **തയ്യൽ മെഷിൻ വിതരണം**

തയ്യലറിയാവുന്ന വിമുക്തഭടന്മാർ /വിധവകൾക്ക് ഉപജീവനാർത്ഥം സൗജന്യമായി തയ്യൽ മെഷിൻ വിതരണം ചെയ്ത് വരുന്നു. വാർഷിക വരുമാന പരിധി 150,000/- രൂപയിൽ താഴെയായിരിക്കണം.

12. **10th +2 - ന് ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് (ടോപ് സ്കോറർ അവാർഡ്)**

ജില്ലാ തലത്തിൽ പത്താം ക്ലാസ്സ്, +2 ക്ലാസ്സുകളിലെ പരീക്ഷക്ക് എല്ലാ വിഷയത്തിലും A+ കരസ്ഥമാക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് (സ്റ്റേറ്റ്/ സി.ബി.എസ്.ഇ / ഐ.സി.എസ്.ഇ സിലബസ്) യഥാക്രമം 3,000/- രൂപ 5,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു.

13. **കുടിൽ നന്നാക്കുവാൻ ഗ്രാന്റ്**

വാർഷിക വരുമാനം 400,000/- രൂപയിൽ കുറവുള്ള വിമുക്തഭടന്മാർ / വിധവകൾ എന്നിവർക്ക് കുടിൽ നന്നാക്കുവാൻ 40,000/- രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

**14. ക്യാൻസർ രോഗശുശ്രൂഷയ്ക്ക് ഗ്രാന്റ്**

ക്യാൻസർ രോഗികളായ വിമുക്തഭടന്മാർക്ക് , വിധവകൾക്ക്/ വിമുക്തഭടന്മാരുടെ ഭാര്യമാർക്ക് / ആശ്രിതരായ മക്കൾക്ക് പ്രതിമാസം 1,500/- രൂപ വീതം ഒരു വർഷത്തേക്ക് ചികിത്സ ചിലവിനായി നൽകുന്നു. പെൻഷനോ മറ്റ് സമാന അനുകൂല്യങ്ങളോ ലഭിക്കാത്ത വിമുക്ത ഭടന്മാർക്ക് /ആശ്രിതർക്ക് 2 വർഷത്തേക്ക് 3,000/- രൂപ വീതം ധനസഹായം നൽകുന്നു.

**15. വിമുക്തഭടന്മാർക്കും ഭാര്യമാർക്കും വിധവകൾക്കും എംബ്രോയിഡറി മെഷിൻ**

തൊഴിൽരഹിതരായ വിമുക്തഭടന്മാർക്കും ഭാര്യമാർക്കും വിധവകൾക്കും എംബ്രോയിഡറി മെഷിൻ നൽകി വരുന്നു. വാർഷിക വരുമാനം 150,000/- രൂപയിൽ കവിഞ്ഞവർ അർഹരല്ല.

**16. വിമുക്തഭടന്മാരുടെ മക്കൾക്ക് വിവിധ മത്സരപരീക്ഷകളിൽ പരിശീലനത്തിന് സാമ്പത്തിക സഹായം**

വിമുക്തഭടന്മാരുടെ മക്കൾക്ക് വിവിധ മത്സരപരീക്ഷകളായ SET, NET, JRF, KWA, CA സിവിൽ സർവീസ് പരീക്ഷകൾക്കുള്ള പരിശീലന ക്ലാസ്സുകൾക്ക് 35,000/- രൂപ സാമ്പത്തിക സഹായം നൽകി വരുന്നു. (ഒറ്റത്തവണ ഗ്രാന്റ്) വാർഷിക കുടുംബ വരുമാനം 400,000/- രൂപയ്ക്ക് താഴെയുള്ളവർക്കാണ് ഈ സാമ്പത്തിക സഹായത്തിന് അർഹത.

**17. സ്വയം തൊഴിൽ കണ്ടെത്തുവാൻ വിമുക്തഭടന്മാർക്ക് പരിശീലനം**

സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന വിമുക്തഭടന്മാർക്ക് ഓരോ ജില്ലയിലും തൊഴിൽ അധിഷ്ഠിത പരിശീലനം നൽകുന്നു. പരമാവധി 10,000/- രൂപ അല്ലെങ്കിൽ യഥാർത്ഥ ഫീസ് ഏതാണോ കുറഞ്ഞത്

.

**18. മത്സരപരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനും പരിശീലനം**

മത്സരപരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനും ഇന്റർവ്യൂ ബോർഡിനെ അഭിമുഖീകരിക്കുന്നതിനും വിമുക്തഭടന്മാർക്ക് / ആശ്രിതർക്ക് ജില്ലാ തലത്തിൽ പരിശീലനം നൽകി വരുന്നു. പരമാവധി 10,000/- രൂപ അല്ലെങ്കിൽ യഥാർത്ഥ ഫീസ് ഏതാണോ കുറഞ്ഞത്

**19. വിമുക്തഭടന്മാർക്ക് കമ്പ്യൂട്ടർ പരിശീലനം**

വിമുക്തഭടന്മാർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുന്നതിലേക്കായി ജില്ലാതലത്തിൽ പരിശീലനം നൽകുന്നു.

**20. വൃക്ക രോഗ ശുശ്രൂഷയ്ക്ക് ഗ്രാന്റ്**

കിഡ്നി രോഗികളായ വിമുക്തഭടന്മാർക്ക് / വിധവകൾക്ക് (പെൻഷൻരഹിതർക്കും ECHS അംഗത്വം ഇല്ലാത്തവർക്കുമായി പരിമിതപ്പെടുത്തിയിരിക്കുന്നു) ഡയാലിസിസിനായി 1,000/- രൂപ വീതം പ്രതി ഡയാലിസ് സഹായം നൽകി വരുന്നു. ആകെ 30,000/- രൂപ വരെ

**21. ജില്ലാ/താലൂക്ക് തലങ്ങളിൽ ബോധവൽക്കരണ പരിപാടി**

കേന്ദ്ര/സംസ്ഥാന സർക്കാരുകളും സൈനികക്ഷേമ വകുപ്പും നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചും

വിമുക്തഭടന്മാർക്കും വിധവകൾക്കും വേണ്ടത്ര ബോധവൽകരണം നൽകുന്നതിലേക്കായി വർഷം തോറും ജില്ലാ/താലൂക്ക് തലത്തിൽ സെമിനാറുകൾ/ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിനെ സംബന്ധിച്ച് അറിയിപ്പ് മാധ്യമങ്ങളിൽ കൂടി പ്രസിദ്ധീകരിച്ച് വരുന്നു.

**22. AIDS ഗ്രാന്റ്**

പ്രതിമാസം 1,500/– രൂപ വീതം

**III <u>അമാൽഗമേറ്റഡ് ഫണ്ടിൽ നിന്നുള്ള സഹായങ്ങൾ</u>**

**1. സ്കോളർഷിപ്പ്**

സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിമുക്തഭടന്മാരുടെ മക്കൾക്ക് 3,000/– രൂപ മുതൽ 10,000/– രൂപ വരെ സ്കോളർഷിപ്പ് നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു. വാർഷിക വരുമാന പരിധി ഇല്ല

**2. ഓർഫൻ ഗ്രാന്റ്**

വിമുക്തഭടന്മാരുടെ അനാഥരായ കുട്ടികൾക്ക് (ആൺകുട്ടികൾക്ക് 25 വയസ്സ് വരെയും പെൺകുട്ടിയ്ക്ക് 30വയസ്സ് വരെയും) നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 3,000/– രൂപ സാമ്പത്തിക സഹായം നൽകുന്നു. വാർഷിക വരുമാന പരിധി രൂപ 500,000/–ത്തിൽ കവിയരുത്.

**3. സൈനിക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ലംസം ഗ്രാന്റ്**

സൈനിക സ്കൂളിൽ Std X ൽ പഠിക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് മറ്റു നിബന്ധനകൾ ഒന്നും കൂടാതെ 10,000/– രൂപ ലംസം ഗ്രാന്റായി അനുവദിക്കുന്നു.

**4. എൻട്രൻസ് കോച്ചിംഗിന് സാമ്പത്തിക സഹായം**

എഞ്ചിനീയറിംഗ് / എം.ബി.ബി.എസ് പ്രവേശന പരീക്ഷ എഴുതാൻ വിമുക്തഭടന്മാരുടെ കുട്ടിക്ക് 9,000/– രൂപ ക്രമത്തിൽ നിബന്ധനകൾക്ക് വിധേയമായി സാമ്പത്തിക സഹായം നൽകുന്നു. (ആകെ 300 അപേക്ഷകർക്ക് മാത്രം)

**5. രോഗികളായ വിമുക്തഭടന്മാർക്ക് ചികിത്സാ സഹായം**

നിരാലംബരും രോഗികളുമായ രണ്ടാം ലോകമഹായുദ്ധത്തിലെ വിമുക്തഭടന്മാർക്ക് ചികിത്സാ സഹായത്തിനായി 3,000/ രൂപ ഒറ്റത്തവണ ഗ്രാന്റായി നൽകി വരുന്നു. വാർഷിക വരുമാന പരിധി 200,000/– രൂപയിൽ കവിയരുത്.

**6. വൃദ്ധസദനങ്ങളിൽ കഴിയുന്ന വിമുക്തഭടന്മാർക്ക് / വിധവകൾക്ക് ധനസഹായം**

സംസ്ഥാനത്തെ അംഗീകൃത വൃദ്ധസദനങ്ങളിൽ താമസിക്കുന്നവരും മറ്റു വരുമാനമില്ലാത്തവരുമായ വിമുക്തഭടന്മാർക്ക് /വിധവകൾക്ക് 2,000/– രൂപ പ്രതിമാസ ധനസഹായമായി നൽകിവരുന്നു.

**7. ജില്ലാ തലങ്ങളിൽ ബോധവൽക്കരണ പരിപാടി**

കേന്ദ്ര/സംസ്ഥാന സർക്കാരുകളും സൈനികക്ഷേമ വകുപ്പും നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും, സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചും വിമുക്തഭടന്മാർക്കും വിധവകൾക്കും വേണ്ടത്ര ബോധവൽക്കരണം നൽകുന്നതിലേക്കായി വർഷംതോറും ജില്ലാ തലങ്ങളിൽ സെമിനാറുകൾ/ബോധവൽകരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിനെ സംബന്ധിച്ച് അറിയിപ്പ് മാധ്യമങ്ങളിൽ കൂടി പ്രസിദ്ധീകരിച്ച് വരുന്നു.

**8. പുനരധിവാസ പരിശീലനം**

വിമുക്തഭടന്മാർക്കും ആശ്രിതർക്കും പുനരധിവാസ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് ആളൊന്നിന് പരമാവധി 30,000/- രൂപ വരെ നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു. കൂടാതെ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് തൊഴിലധിഷ്ഠിത പരിശീലനവും നൽകിവരുന്നു.

**9. സ്വയം തൊഴിൽ വായ്പയ്ക്ക് സബ്സിഡി**

സ്വയം തൊഴിലിനുള്ള വായ്പക്ക് ഒറ്റത്തവണ ടോപ് അപ്പ് 100,,000/- രൂപ വരെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

**10. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ സ്വയം തൊഴിൽ സഹായസംഘങ്ങളുടെ രൂപീകരണം .**

സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ വിമുക്തഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും സ്വയം തൊഴിൽ സഹായസംഘങ്ങൾക്ക് 25,000/- രൂപ വരെ നൽകി വരുന്നു.

**<u>IV സംസ്ഥാന സർക്കാരിൽ നിന്നുള്ള മറ്റു ധനസഹായങ്ങൾ</u>**

**1. ഭവന നിർമ്മാണത്തിന് ധനസഹായം**

യുദ്ധം സൈനിക ഓപ്പറേഷൻ എന്നിവയുടെ ഭാഗമായി ശാരീരിക പരിമിതിമൂലം ബോർഡ് ഔട്ട് ചെയ്യപ്പെട്ട സൈനികർ / സൈനികസേവനത്തിലിരിക്കെ മരണപ്പെട്ട സൈനികരുടെ വിധവകൾ / സൈനിക സേവനത്തിലിരിക്കെ ഡ്യൂട്ടിക്കിടെ സംഭവിച്ച അപകടം കാരണം ബോർഡ് ഔട്ട് ആയ സൈനികർ / സേവനത്തിലിരിക്കെ സേവനത്തിന്റെ ഭാഗമായുള്ള ചുറ്റുപാടുകളിൽ നിന്ന് സംഭവിച്ചതോ അത് കാരണം അധികരിച്ചതോ ആയ അസുഖങ്ങൾ കാരണം ബോർഡ് ഔട്ട് ആയ സൈനികർ/ ട്രെയിനിംഗിനിടെ ശാരീരിക പരിമിതി കാരണം ഡിസബിലിറ്റി പെൻഷനോട് കൂടി ബോർഡ് ഔട്ട് ആയ റിക്രൂട്ടുകൾ/ ഇവരുടെ ആഭാവത്തിൽ ഭവനരഹിതരായ, 60 വയസ്സിൽ താഴെ പ്രായമുള്ള വിമുക്തഭടന്മാർ എന്നിവർക്ക് സ്വന്തമായി വീടില്ലെങ്കിൽ ഭവന നിർമ്മാണത്തിന് ധനസഹായമായി 2 ലക്ഷം രൂപ നൽകി വരുന്നു. അപേക്ഷിക്കാനുള്ള വാർഷിക വരുമാന പരിധി 3 ലക്ഷം രൂപ. അപേക്ഷ ജില്ലാ സൈനിക ഓഫീസുകളിൽ മരണപ്പെട്ട് /പിരിഞ്ഞ് വന്ന് 5 വർഷത്തിനകം നൽകേണ്ടതാണ്. യുദ്ധത്തിൽ മരണപ്പെട്ട സൈനികരുടെ വിധവകൾക്കും അംഗ വൈകല്യം സംഭവിച്ച് ബോർഡ് ഔട്ട് ചെയ്യപ്പെട്ട സൈനികർക്കും വരുമാനപരിധി ബാധകമല്ല.

**2. ധീരതാപുരസ്കാരങ്ങൾ ലഭിച്ചവർക്ക് ക്യാഷ് അവാർഡ്**

ധീരതയ്ക്ക് ബഹുമതി പുരസ്കാരങ്ങൾ ലഭിച്ച കേരളീയർക്ക് സംസ്ഥാന സർക്കാരിൽ നിന്ന് ക്യാഷ് അവാർഡ് നൽകുന്നു. പരമവീര ചക്രം മുതൽ മെൻഷൻ- ഇൻ-ഡസ്പാച്ച് വരെ ലഭിക്കുന്നവർക്ക് ഈ ആനുകൂല്യം നൽകിവരുന്നു.

**3. നോൺ ഗ്യാലന്ററി അവാർഡ് ജേതാക്കൾക്ക് ക്യാഷ് അവാർഡ്**

പരംവിശിഷ്ട സേവാ മെഡൽ, അതിവിശിഷ്ട സേവാ മെഡൽ, വിശിഷ്ട സേവാ മെഡൽ ലഭിച്ചവർക്ക് സംസ്ഥാന സർക്കാരിൽ നിന്നും യഥാക്രമം 100,000/- , 50,000/-, 25,000/- രൂപ വീതം ഒറ്റത്തവണ ക്യാഷ് അവാർഡായി നൽകുന്നു.

**4. പ്രാദേശിക സേനാ മെഡൽ ജേതാക്കൾക്ക് ക്യാഷ് അവാർഡ്**

പ്രാദേശിക സേനാ (Territorial Army) വിഭാഗങ്ങളിലെ ടി.എ. ഡക്കറേഷൻ /ടി.എ മെഡൽ സൈനികർക്ക് 5,000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു.

**5. മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധി**

യുദ്ധത്തിലോ, യുദ്ധസമാന സാഹചര്യങ്ങളിലോ, സൈനിക സേവനത്തിനിടക്ക് കൊല്ലപ്പെടുന്ന, കാണാതാകുന്ന, അംഗവൈകല്യം സംഭവിക്കുന്ന പ്രതിരോധ സേനാഗംങ്ങളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്നും പരമാവധി 10 ലക്ഷം വരെ ധനസഹായം അർഹതയ്ക്ക് വിധേയമായി നൽകുന്നു. പാരാമിലിട്ടറി /GREF വിഭാഗത്തിൽപെട്ടവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. ഭീകരവാദികൾ / തീവ്രവാദികൾ /നക്സലൈറ്റുകൾ എന്നിവരുമായി ഉണ്ടാകുന്ന ഏറ്റുമുട്ടലിൽ പ്രതിരോധ സേന / പാരാ മിലിട്ടറി/ സി എ പി എഫ് വിഭാഗത്തിൽപെട്ട അംഗവൈകല്യം സംഭവിക്കുന്നവർക്ക് 3 ലക്ഷം രൂപ വരെയും ധനസഹായത്തിന് അർഹതയുണ്ട്.

**6. കാഡറ്റ് സ്കോളർഷിപ്പ്**

സൈനിക അക്കാദമികളിലും സൈനിക നഴ്സിംഗ് കോളേജ് /സ്കൂൾ എന്നിവകളിൽ നേരിട്ട് പ്രവേശനം നേടി പരിശീലനാന്തരം സേനയിൽ കമ്മിഷനിംഗ് ലഭിച്ച് സേവനം തുടരുന്ന കേരളീയരായ കാഡറ്റുകൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു. സ്കോളർഷിപ്പ് തുക ഓഫീസർ കാഡറ്റ് - 200,000/- രൂപ നഴ്സിംഗ് കാഡറ്റ് 100,000/- രൂപ

**7. ബി.എസ്..എസ് (ബ്രൈറ്റ് സ്റ്റുഡെന്റ് സ്കോളർഷിപ്പ് )**

പഠനത്തിൽ മിടുക്കരായ വിമുക്തഭടന്മാരുടെ കുട്ടികൾ പത്താം തരം മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ വാർഷിക സ്കോളർഷിപ്പ് (2,500/- രൂപ മുതൽ 4,000/- രൂപ വരെ) നൽകി വരുന്നു. വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല. വാർഷികാന്ത്യ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് വാങ്ങിയവർക്ക് ഇതിനപേക്ഷിക്കാവുന്നതാണ്.

**8. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത സേനാനികൾക്കും അവരുടെ വിധവകൾക്കും ധനസഹായം**

രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത (03.09.1939 നും 01.04.1946 നും ഇടയിൽ സർവീസിലുണ്ടായിരുന്ന) യോദ്ധാകൾക്കും വിധവകൾക്കും പ്രതിമാസം 8,000/- രൂപ ധനസഹായം നൽകുന്നു. പുനർനിയമനം ലഭിച്ചവരും, വാർഷിക കുടുംബ വരുമാനം 50,000/- രൂപയിൽ കൂടുതലുള്ളവരും മറ്റ് പെൻഷനുകൾ ലഭിക്കുന്നവരും ഇതിനർഹരല്ല.

## എഫ്.എ.ക്യു (ലഘു ചോദ്യോത്തരങ്ങൾ)

**1. സർവീസിൽ നിന്നും വിരമിക്കുന്ന വിമുക്തഭടൻ, പിരിഞ്ഞ ഉടൻ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് എന്തെല്ലാമാണ് ചെയ്യേണ്ടത്?**

രജിസ്ട്രേഷൻ

(എ) തൊഴിലിനായി

(ബി) തിരിച്ചറിയൽ കാർഡിനായി

**2. തിരിച്ചറിയൽ കാർഡ് രജിസ്റ്റർ ചെയ്യാൻ എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് ?**

(എ) ഡിസ്ചാർജ് സർട്ടിഫിക്കറ്റ്
(ബി) മൂന്ന് ഫോട്ടോ
(സി) പെൻഷൻ ബുക്ക് (പി.പി.ഒ)

**3. തൊഴിലിനായി രജിസ്റ്റർ ചെയ്യാൻ എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത്?**

(എ) ഡിസ്ചാർജ് സർട്ടിഫിക്കറ്റ്
(ബി) വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
(സി) ട്രേഡ് സർട്ടിഫിക്കറ്റ്, തൊഴിൽ പരിചയം തുടങ്ങി അനുബന്ധ സർട്ടിഫിക്കറ്റുകൾ

**4. പുനരധിവാസ ട്രെയിനിംഗ് ആവശ്യമുള്ള വിമുക്തഭടന്മാർക്ക് എന്തെല്ലാം സേവനമാണ് സൈനികക്ഷേമ വകുപ്പ് മുഖാന്തിരം ലഭ്യമാക്കുന്നത് ?**

പുനരധിവാസ ട്രെയിനിംഗ് ആവശ്യമുള്ള വിമുക്തഭടന്മാർക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് കമ്പ്യൂട്ടർ കോഴ്സുകൾ, ഡ്രൈവിംഗ് പരിശീലനം, പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയ്ക്കുള്ള പരിശീലനം, ബാങ്ക് റിക്രൂട്ട്മെന്റ് -നുള്ള പരീക്ഷകൾക്കുള്ള പരിശീലനം ഇവ നൽകി വരുന്നു. കൂടാതെ വിമുക്തഭടന്മാർക്കും, അവരുടെ ആശ്രിതർക്കും, വിവിധ സ്ഥാപനങ്ങളിൽ സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ കോഴ്സുകൾ, ജില്ലാ സൈനികക്ഷേമ ഓഫീസർ മുഖേന സംഘടിപ്പിക്കുന്നു. നിലവിലുള്ള വ്യവസ്ഥ പ്രകാരം ആളൊന്നിന്ന് പരമാവധി 30,000/- രൂപ വരെ ഈ വകുപ്പിൽ നിന്നും ഇപ്രകാരം നൽകി വരുന്നു.

**5. സ്വയം തൊഴിൽ കണ്ടെത്തുവാൻ സൈനികക്ഷേമ വകുപ്പ് വഴി എന്ത് സേവനമാണ് ലഭ്യമാക്കുന്നത്?**

പുനരധിവാസ ട്രെയിനിംഗിന് പുറമേ അംഗീകൃത ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് സ്വയം തൊഴിൽ സംരംഭകരായ വിമുക്തഭടന്മാർക്ക് വായ്പയിൽ 1 ലക്ഷം രൂപ വരെ ഒറ്റത്തവണ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി സൈനികക്ഷേമ വകുപ്പ് അനുവദിച്ച് വരുന്നു.

**6. പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പ് സ്കീമ് (പി എം എസ് എസ് )**

പ്രൊഫഷണൽ ഡിഗ്രീ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിമുക്തഭടന്മാരുടെ വിധവകൾക്കും ആശ്രിതരായ കുട്ടികൾക്കും പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പ് നൽകുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും യഥാക്രമം 2,500/- രൂപ 3,000/- രൂപ വീതം പ്രതിമാസം നൽകുന്നതാണ്. അടിസ്ഥാന യോഗ്യത പരീക്ഷയിൽ 60% മാർക്ക് ഉണ്ടായിരിക്കണം. തിരഞ്ഞെടുക്കുന്ന പക്ഷം പ്രൊഫഷണൽ കോഴ്സുകളിലെ പരീക്ഷയിൽ ഓരോ വർഷവും 50% ത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്നവർക്ക് മാത്രമേ ഈ ആനുകൂല്യം തുടർന്ന് ലഭിക്കുകയുള്ളൂ. കേന്ദ്രിയ സൈനിക ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ksb.gov.in മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

# ഉദ്യോഗവൃന്ദം / ബന്ധപ്പെടേണ്ട നമ്പർ

| | | | |
|---|---|---|---|
| വിനോദ് മാത്യു<br>ഡയറക്ടർ ഇൻ ചാർജ്ജ് | | Mob | 0471–2304980<br>8547716058 |
| ഷിബി ആർ കെ<br>അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ | | Mob | 0471–2302655<br>9497016070 |
| ബിന്ദു ആർ എൽ<br>ഫിനാൻസ് ഓഫീസർ | | Mob | 0471–2303654<br>9497012649 |
| സുരേഷ് കുമാർ റ്റി<br>അസിസ്റ്റന്റ് ഡയറക്ടർ | | Mob | 0471–2303654<br>9446081465 |
| ജിത്തു വിജയ്<br>ജൂനിയർ എമ്പ്ലോയ്മെന്റ് ഓഫീസർ | | Mob | 0471–2303654<br>9995394614 |

## വിവിധ സെക്ഷനുകളും അതിൽ കൈകാര്യം ചെയ്യപ്പെടുന്ന വിഷയങ്ങളും

| | | | |
|---|---|---|---|
| 1. | ഓഫീസർമാരുടെ സേവനകാര്യങ്ങൾ<br>പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ | A1 | 0471–2303654 |
| 2. | സൈനികക്ഷേമ വകുപ്പിലെ നിയമനങ്ങൾ<br>ജീവനക്കാരുടെ ക്ഷേമം സംബന്ധിച്ച് | A2 | |
| 3 | ജീവനക്കാരുടെ വേതനം ടി എ/ഡി എ സംബന്ധിച്ച് /<br>ബില്ലുകൾ | A3 | |
| 4. | ബജറ്റ് / ഫണ്ട് അനുവദിക്കൽ സംബന്ധിച്ച് | A4 | |
| 5 | ലോക്കൽ പർച്ചെസ് | A5 | |
| 6 | SMBF സാമ്പത്തിക സഹായം | B1 | |
| 7 | DMBF സാമ്പത്തിക സഹായം / എക്സ് ഗ്രേഷ്യാ ഗ്രാന്റ് | B2 | |
| 8 | പൊതുപരാതികൾ ക്ഷേമ കാര്യങ്ങൾ യുദ്ധ സ്മാരകം | B3 | |
| 9 | പതാകദിന ഫണ്ട് | B5 | |
| 10 | മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നുള്ള സാമ്പത്തിക സഹായം/ധീരതാ പുരസ്കാരം/സേവന പുരസ്കാരം /ടി എ മെഡൽ ലഭിച്ചവർക്ക് ക്യാഷ് അവാർഡ് ഭാവന നിർമ്മാണത്തിനുള്ള ധനസഹായം, | B6 | |

| | | |
|---|---|---|
| | കാഡറ്റ് സ്കോളർഷിപ്പ്, രണ്ടാം ലോകമഹായുദ്ധ സേനാനി/വിധവകൾക്കുള്ള പ്രതിമാസ ധനസഹായം | |
| 11 | മെറിറ്റ് സ്കോളർഷിപ്പ് പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പ് സംബന്ധിച്ച കാര്യങ്ങൾ, കെ എസ് ബി-യിൽ നിന്നുള്ള ഗ്രാന്റുകൾ | B7 |
| 12 | രജിസ്ട്രേഷൻ സ്പോൺസർ/ഡിപാർട്ട്മെന്റ് ഐഡന്റിറ്റി കാർഡ് | C1 |
| 13 | യുദ്ധത്തിലും യുദ്ധസമാന സാഹചര്യത്തിലും മരിക്കുന്ന/അംഗവൈകല്യം സംഭവിക്കുന്ന സൈനികരുടെ ആശ്രിത നിയമനം സംബന്ധിച്ച് | C2 |
| 14 | പ്രസിദ്ധീകരണം/മീറ്റിംഗുകൾ സംബന്ധിച്ച കാര്യങ്ങൾ / സെൻസ്സസ് രാജ്യ/ജില്ലാ സൈനിക ബോർഡുകളുടെ റീ കോൺസ്റ്റിറ്റ്യൂഷൻ | C3 |
| 15 | അമാൽഗമേറ്റഡ് ഫണ്ട് അക്കൌണ്ട് | D1 |
| 16 | സൈനിക സെന്റർ / അമാൽഗമേറ്റഡ് ഫണ്ട് പ്രോപ്പർട്ടിസ് | D2 |
| 17 | അമാൽഗമേറ്റഡ് ഫണ്ടിൽ നിന്നുള്ള സ്കോളർഷിപ്പ് | D3 |

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന അഡ്രസ്സുമായി ബന്ധപ്പെടാവുന്നതാണ്:-

1. Administrative Officer 0471 2302655
   Directorate of Sainik Welfare
   Vikas Bhavan
   Thiruvanathapuram - 33

2. Assistant Director 0471-2303654
   Directorate of Sainik Welfare
   Vikas Bhavan
   Thiruvanathapuram-33